REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-07-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാൻമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പദ്ധതി കർഷകരുടെ ജീവിതത്തിൽ കാതലായ മാറ്റം വരുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- രാജ്യത്തെ പത്ത് ലക്ഷം പൗരന്മാർക്ക് സൗജന്യമായി നിർമിത ബുദ്ധി പരിശീലനം നൽകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.
- മരണപ്പെട്ടവരുടെ ആധാർ നമ്പറുകൾ നിഷ്ക്രിയമാക്കുന്നതിന് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി നടപടിയാരംഭിച്ചു.
- സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട്- അഞ്ച് ജില്ലകളിൽ സ്കൂളുകൾക്ക് അവധി.
- ഇന്ന് കർക്കിടകം ഒന്ന് - രാമായണ പാരായണത്തിന്റെയും, നാലമ്പല ദർശനത്തിന്റെയും ഭക്തി സാന്ദ്രമായ 31 ദിനരാത്രങ്ങൾക്ക് ഇന്ന് തുടക്കം.
- ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ, ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാൻമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. വിള വൈവിധ്യവൽക്കരണം, സുസ്ഥിര കാർഷിക രീതികൾ, അധിക സംഭരണശേഷി , ജലസേചന സൗകര്യങ്ങൾ, വായ്പാ ലഭ്യത എന്നിവ വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. 100 ജില്ലകളെ ഉൾക്കൊള്ളുന്ന ആറ് വർഷത്തെ പദ്ധതിയ്ക്ക് 24,000 കോടി രൂപയാണ് വാർഷിക വിഹിതം .

കുറഞ്ഞ ഉൽപ്പാദനവും, വായ്പാ വിതരണവും, വിളകളുടെ കുറഞ്ഞ തോതും അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ രാജ്യത്ത് നൂറ് ജില്ലകളെ തിരഞ്ഞെടുക്കുന്നതെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ അറിയിച്ച കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പതിനൊന്ന് വകുപ്പുകളിലായി നിലവിലെ 36 പദ്ധതികളും മറ്റ് സംസ്ഥാന പദ്ധതികളും സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുകയെന്നും അശ്വിനി വൈഷ്ണവ് വ്യക്തമാക്കി.

✪✪✪

കർഷകരുടെ ജീവിതത്തിൽ കാതലായ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്നലെ മന്ത്രിസഭ അംഗീകരിച്ച പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജന ഈ ദിശയിലെ ഒരു ചുവടുവയ്പ്പാണെന്നും പ്രധാനമന്ത്രി സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു. കാർഷിക മേഖലയിൽ പിന്നാക്കം നിൽക്കുന്ന ജില്ലകളിലെ വിള ഉൽപാദനം വർദ്ധിപ്പിക്കുക മാത്രമല്ല, പദ്ധതി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. 24,000 കോടി രൂപയാണ് 100 ജില്ലകളെ ഉൾക്കൊള്ളുന്ന ആറ് വർഷത്തെ പദ്ധതിയുടെ വാർഷിക വിഹിതം.

✪✪✪

മഹാരത്ന, നവരത്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടുതൽ നിക്ഷേപാധികാരം നൽകുന്ന പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്കും മന്ത്രിസഭായോഗം അംഗീകാരം നൽകി. നാഷണൽ തെർമൽ പവർ കോർപറേഷൻ, NLC ഇന്ത്യ ലിമിറ്റഡ് എന്നിവയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഹരിത ഊർജ്ജ ശേഷിയിൽ 50 ശതമാനം എന്ന നാഴികക്കല്ല് ഇന്ത്യ പിന്നിട്ടതായും അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

രാജ്യത്തെ പത്ത് ലക്ഷം പൗരന്മാർക്ക് സൗജന്യമായി നിർമിത ബുദ്ധി പരിശീലനം നൽകുമെന്നും ഇതിൽ ഗ്രാമതല സംരംഭകർക്ക് മുൻഗണന നൽകുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഡിജിറ്റൽ ഇന്ത്യയുടെ പത്താം വാർഷിക ആഘോഷത്തിന്റെ ഭാഗമായി ന്യൂഡൽഹിയിലെ യശോഭൂമി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച 'CSC ദിവസ്' പരിപാടിയിലാണ് വൈഷ്ണവ് പ്രഖ്യാപനം നടത്തിയത്.രാജ്യത്തെ ഏകദേശം 90 ശതമാനം ഗ്രാമങ്ങളിലും കോമൺ സർവീസ് സെന്ററുകൾ എത്തിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

✪✪✪

കേരളമുൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിൽ സൈബർ തട്ടിപ്പിന് ഉപയോഗിക്കുന്ന നിയമവിരുദ്ധ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്താൻ CBI റെയ്ഡ് നടത്തി. കേരളത്തിനു പുറമെ ഡൽഹി, ബിഹാർ, മധ്യപ്രദേശ്, പഞ്ചാബ്, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിലായിരുന്നു 'ചക്ര- 5' എന്ന CBI റെയ്ഡ്. സൈബർ തട്ടിപ്പിനും, ഡിജിറ്റൽ അറസ്റ്റിനും പിന്നിൽ പ്രവർത്തിച്ച മൂന്ന് പേരെ അറസ്റ്റു ചെയ്തു. ഇവരിൽ നിന്ന് മൊബൈൽ ഫോണുകളും, ബാങ്ക് അക്കൗണ്ട് രേഖകളും KYC വിവരങ്ങളും ഉൾപ്പെടെ തെളിവുകളും പിടിച്ചെടുത്തു.

✪✪✪

മരണപ്പെട്ടവരുടെ ആധാർ നമ്പറുകൾ നിഷ്ക്രിയമാക്കി ആധാർ ഡാറ്റാബേസിന്റെ കൃത്യതയും, സമഗ്രതയും ഉറപ്പാക്കാൻ യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി നടപടിയാരംഭിച്ചു. ഇതിനായി ദേശീയ ജനന- മരണ രജിസ്ട്രാറുമായി ചേർന്ന് ഒരു കോടി 55 ലക്ഷത്തോളം മരണരേഖകൾ കണ്ടെത്തി അത്തരം ആധാർ കാർഡുകൾ നിഷ്ക്രിയമാക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഇതിനകം ഒരു കോടി 17 ലക്ഷത്തോളം കാർഡുകൾ നിഷ്ക്രിയമാക്കിക്കഴിഞ്ഞുവെന്ന് ഇലക്ട്രോണിക്സ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ന്യൂഡൽഹിയിൽ പ്രസ്താവനയിൽ അറിയിച്ചു.

മൈ ആധാർ പോർട്ടലിൽ കഴിഞ്ഞ മാസം മുതൽ കുടുംബാംഗത്തിന്റെ മരണം രേഖപ്പെടുത്താവുന്ന പുതിയ സംവിധാനം അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. മരണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന ആധാർഅധിഷ്ഠിത സംവിധാനത്തിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്ന രീതിയും UIDAI തുടങ്ങിയതായി മന്ത്രാലയം വെളിപ്പെടുത്തി.

✪✪✪

PM വികാസ് പദ്ധതിക്ക് കീഴിലെ നൈപുണ്യ പരിശീലന വനിതാ സംരംഭകത്വ വികസന പദ്ധതി ഇന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ കോട്ടയം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ ഉദ്ഘാടനം ചെയ്യും. പദ്ധതിയിൽ ന്യൂനപക്ഷ സമുദായങ്ങളിൽപെട്ട 450 ഉദ്യോഗാർത്ഥികളുടെ പരിശീലന ചുമതല കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം II IT യെ ഏൽപ്പിച്ചിട്ടുണ്ട്. 150 യുവാക്കൾക്ക് തൊഴിൽസാധ്യതാ സാങ്കേതിക മേഖലയിൽ പരിശീലനം നൽകും. 300 സ്ത്രീകൾക്കു സ്വന്തം സംരംഭങ്ങൾ ആരംഭിക്കാൻ നേതൃത്വ സംരംഭകത്വ പരിശീലനവും II IT ലഭ്യമാക്കും.

✪✪✪

മലപ്പുറം ജൻ ശിക്ഷൺ സൻസ്ഥാന്റെ ഗുണഭോക്തൃസംഗമവും, പ്രദർശനവും രാവിലെ മലപ്പുറം ടൗൺഹാളിൽ കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ സാമ്പത്തിക വർഷം JSS-നുകീഴിൽ പരിശീലനം പൂർത്തിയാക്കിയ 1,800 ഗുണഭോക്താക്കൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യും. ഈ വർഷത്തെ

പുതിയ ഗുണഭോക്താക്കളുടെ പരിശീലനം, സംരംഭകർക്ക് ആദരം, തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

നബാർഡ് ധനസഹായത്തോടെ ആരംഭിച്ച ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ ഉല്പന്നങ്ങളും കേന്ദ്രമന്ത്രി വിപണിയിലിറക്കും.

✪✪✪

സംസ്ഥാനത്ത് പരക്കെ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇടുക്കി,എറണാകുളം,തൃശൂർ,പാലക്കാട്,മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കനത്ത മഴയെ തുടർന്ന് കാസർകോട്,തൃശൂർ,വയനാട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി നൽകി. കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ സ്കൂളുകൾക്കും ജില്ലാ കലക്ടർമാർ അവധി പ്രഖ്യാപിച്ചു. മാഹിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപന ങ്ങൾക്കും അവധി നൽകിയിട്ടുണ്ട്.

കാസർകോട് ജില്ലയിൽ കനത്ത മഴയിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. പ്രധാന നദികൾ കരകവിഞ്ഞൊഴുകുകയും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറുകയും ചെയ്തു.

കോഴിക്കോട് ജില്ലയിൽ രാത്രി മലയോര മേഖലകളിൽ ശക്തമായ മഴപെയ്തു. കുറ്റ്യാടി മരുതോങ്കര പശുക്കടവിൽ പുഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് 14 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.കാവിലുംപാറ തൊട്ടിൽപ്പാലം പുഴയിലും ജലനിരപ്പ് ഉയർന്നു. പ്രദേശത്ത് മൂന്ന് കുടുംബങ്ങൾ മാറി താമസിച്ചു. ഈങ്ങാപ്പുഴ ദേശീയ പാതയിൽ വെള്ളക്കെട്ടുണ്ടായി. ചുരത്തിൽ മണ്ണിടിഞ്ഞു.

കണ്ണൂരിൽ ഇന്നലെ വൈകിട്ട് മുതൽ പെയ്ത ശക്തമായ മഴയിലും കാറ്റിലും പലയിടങ്ങളിലും നാശനഷ്ടം ഉണ്ടായി. പലയിടത്തും വൈദ്യുതി വിതരണം മുടങ്ങി. താഴെചൊവ്വയിൽ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

പാമ്പുകടിയേറ്റാൽ ഉപയോഗിക്കുന്ന പ്രതിവിഷം പ്രാദേശികമായി നിർമ്മിക്കാൻ ആരോഗ്യവകുപ്പുമായി ചേർന്ന് പദ്ധതി ആവിഷ്ക്കരിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ആന്റിവെനം ലഭ്യമാക്കുന്നത്. തിരുവനന്തപുരത്തെ വനം ആസ്ഥാനത്ത് ലോക സർപ്പദിന പരിപാടിയിലാണ് മന്ത്രി ഇക്കാര്യമറിയിച്ചത്.

✪✪✪

തിരുവനന്തപുരത്തെ ബോണക്കാട് എസ്റ്റേറ്റ് ലയങ്ങൾ പുതുവർഷ സമ്മാനമായി തൊഴിലാളികൾക്ക് നൽകുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ലയങ്ങളുടെ നവീകരണ നിർമ്മാണം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ C.V പത്മരാജൻ അന്തരിച്ചു. അദ്ദേഹത്തിന് 93 വയസ്സായിരുന്നു. വാർദ്ധക്യസഹജമായ അസുഖങ്ങളെത്തുടർന്ന് കൊല്ലത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

ഭൗതിക ശരീരം ഉച്ചയ്ക്ക് ഒരു മണി വരെ കൊല്ലം അനന്ദവല്ലീശ്വരത്തെ വീട്ടിൽ പൊതുദർശനത്തിന് വെയ്ക്കും. തുടർന്ന് കൊല്ലം അർബൻ സഹകരണ ബാങ്കിലും പിന്നീട് കൊല്ലം DCCയിലും പൊതുദർശനം ഉണ്ടായിരിക്കും. തുടർന്ന് വിലാപയാത്രമായി ജന്മനാടായ പരവൂരിലേക്ക് കൊണ്ടു പോകും.

സംസ്കാരം വൈകിട്ട് നാലു മണിയോടെ പരവൂരിൽ നടത്തും.

പ്രതിസന്ധികാലത്ത് KPCC അധ്യക്ഷസ്ഥാനം ഏറ്റെടുത്ത് പാർട്ടിയെ മുന്നോട്ട് നയിച്ച നേതാവായിരുന്നു CV പത്മരാജൻ.

✪✪✪

ഇന്ന് കർക്കിടകം ഒന്ന്- രാമായണ മാസത്തിന് തുടക്കം. കർക്കിടക ദുരിതം ഒഴിവാക്കാൻ രാമായണ പാരായണത്തിന്റെയും, നാലമ്പല ദർശനത്തിന്റെയും ഭക്തി സാന്ദ്രമായ 31 ദിനരാത്രങ്ങൾ ഇന്നാരംഭിക്കും.

ഡെസ്ക്ക് റിപ്പോർട്ട്

...(വോയ്സ്)...

കേരളത്തിൽ പലയിടത്തും നാലമ്പല ദർശനത്തിന് പുലർച്ചെ തുടക്കമായി. തൃപ്രയാർ ശ്രീരാമക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യം ഭരത ക്ഷേത്രം, മൂഴിക്കുളം ലക്ഷ്മണ ക്ഷേത്രം, പായമ്മൽ ശത്രുഘ്ന ക്ഷേത്രം എന്നിവ കേന്ദ്രീകരിച്ചാണ് മധ്യകേരളത്തിലെ നാലമ്പല ദർശനം.

കോട്ടയം ജില്ലയിലെ രാമപുരം ശ്രീരാമക്ഷേത്രം, കൂടപ്പുലം ലക്ഷ്മണ ക്ഷേത്രം, അമനകര ഭരത ക്ഷേത്രം, മേതിരി ശത്രുഘ്ന ക്ഷേത്രം എന്നിവയുൾപ്പെടുന്ന നാലമ്പല ദർശന യാത്രയും പ്രധാനമാണ്.

മലപ്പുറം, കണ്ണൂർ, പാലക്കാട്, ജില്ലകളിലും നാലമ്പല ദർശന പരിപാടികൾ പുലർച്ചെ ആരംഭിച്ചു.

ഈ മാസം 24 നാണ് കർക്കിടക വാവുബലി. തിരുവനന്തപുരത്ത് വാവുബലി മുന്നൊരുക്കങ്ങൾ വിലയിരുത്താൻ കലക്ട്രേറ്റിൽ യോഗം ചേർന്നു.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യ, ഇംഗ്ലണ്ടിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു. സതാംപ്റ്റണിൽ 259 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, 48.2 ഓവറിൽ ആറ് വിക്കറ്റിന് 262 റൺസെടുത്തു. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട്, ആറ് വിക്കറ്റിന് 258 റൺസെടുത്ത് പുറത്തായിരുന്നു.

അർദ്ധസെഞ്ചുറി നേടി ദീപ്തി ശർമ്മയാണ് പ്ലെയർ ഓഫ് ദ മാച്ച്.

✪✪✪

തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ ഇന്ന് ആനയൂട്ട്. ഗജപൂജയും, അഷ്ടദ്രവ്യ മഹാഗണപതി ഹോമവും ഇതോടൊപ്പം സംഘടിപ്പിച്ചിട്ടുണ്ട്. അറുപതിലേറെ ആനകൾ ഊട്ടിൽ പങ്കെടുക്കും

തൃശൂർ പ്രതിനിധി ഭരിത പ്രതാപിന്റെ റിപ്പോർട്ട്.

.......(വോയ്സ്)................

✪✪✪

2018 ലെ പ്രളയത്തിൽ തകർന്ന മൂന്നാർ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളജിന്റെ പുനർ നിർമ്മാണത്തിന് മൂന്നാർ വില്ലേജിൽ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. കോളജിന്റെ കൈവശ ഭൂമിയ്ക്കു പുറമെ റവന്യൂ വകുപ്പിന്റെയും DTPC യുടെയും ഭൂമി കൂടി ഏറ്റെടുത്തായിരിക്കും പുനർനിർമ്മാണം. ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിയായിരിക്കും ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഭൂമി കൈമാറുന്നത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സിയാബ് ടി.പി*
*DEO : ഷീബ*